## ജനാബ് അബ്ദുസ്സലാം സുല്ലമി - മുൻകാല മുജാഹിദ് നേതാക്കളെ മുശ്‌രിക്കുകളാക്കുന്നു. ഭാഗം - 2




കാന്തപുരം വിഭാഗം സുന്നികൾ നടത്തുന്ന സെൻസിംഗ് മാസികയുടെ കവർ പേജ് (2007 ഏപ്രിൽ)

### അബ്ദുസ്സലാം സുല്ലമിയുടെ ശിർക്കാരോപണം

കെ എൻ എം പണ്ഡിതന്മാരിൽ ശിർക്കൻ വിശ്വാസം ആരോപിക്കുതിന്ന് വേണ്ടി ജനാബ് അബ്ദുസ്സലാം സുല്ലമി നടത്തിക്കൊണ്ടിരിക്കുന്ന പ്രധാന ആരോപണങ്ങളിൽ, താഴെ കൊടുത്ത രണ്ട് ആരോപണങ്ങളാണ് കഴിഞ്ഞ ലേഖനത്തിൽ (ലേഖനം 4 ൽ) ലളിതമായ രീതിയിൽ വിശദീകരിച്ചത്.

(1). അല്ലാഹുവിന്റെ അടിമകളേ എന്നെ സഹായിക്കണേ എന്ന ഹദീസ് ഇസ്‌ലാഹ് മാസികയിൽ (ഏപ്രിൽ 2007) ഉദ്ധരിച്ചത് ശിർക്ക് പ്രചരിപ്പിക്കാനാണ്.

(2). പിശാചുക്കൾ അവന്റെ ആളുകൾക്ക് ചില വിവരങ്ങൾ എത്തിച്ച് കൊടുത്തേക്കാമെന്ന് വിശ്വസിച്ചാൽ ശിർക്കാകും.

കെ എൻ എം പണ്ഡിതന്മാരിൽ ശിർക്കൻ വിശ്വാസം ആരോപിക്കുതിന്ന് വേണ്ടി അദ്ദേഹം നടത്തിക്കൊണ്ടിരിക്കുന്ന മറ്റു ചില പ്രധാന ആരോപണങ്ങൾ കൂടി പരിശോധിക്കാം.

### (3). സിഹ്റ് ബാധിക്കും എന്ന് വിശ്വസിച്ചാൽ മുശ്‌രിക്കാകും.

കെ എൻ എമ്മിലെ ചില യുവപണ്ഡിതർ സിഹ്ർ ഫലിക്കും എന്ന് ഈയിടെയായി പ്രചരിപ്പിക്കുന്നു എന്നും ഈ പുതിയ വാദം ഇസ്‌ലാഹീ പ്രസ്ഥാനം നാളിത് വരെയായി പ്രചരിപ്പിക്കുന്ന തൗഹീദിന്ന് കടകവിരുദ്ധമാണെന്നുമാണ് ജനാബ് അബ്ദുസ്സലാം സുല്ലമിയുടെ മറ്റൊരു പ്രധാന ആരോപണം. അദ്ദേഹം ഈ ആരോപണം ശബാബിലും പുസ്തകങ്ങളിലും എഴുതുകയും പ്രസംഗങ്ങളിൽ ആവർത്തിക്കുകയും ചെയ്തിട്ടുണ്ട്. കാന്തപുരം വിഭാഗം സുന്നികൾ നടത്തുന്ന സെൻസിംഗ് മാസികക്ക് ഇന്റർവ്യൂ നൽകിയപ്പോഴും അദ്ദേഹം ഇത് വിശദീകരിക്കുന്നു.

സെൻസിംഗ്: പിശാച്, ജിന്ന്, വിഷയത്തിൽ മടവൂർ, മൗലവി (KNM) വിഭാഗങ്ങൾ തമ്മിൽ ആദർശ ഭിന്നത ഒന്ന് വിവരിക്കാമോ?

സുല്ലമി : സിഹ്ർ ചെയ്യുന്നവർ ആവശ്യപ്പെടുമ്പോൾ പിശാച് സഹായിക്കും (മൗലവി) ഇസ്‌ലാഹീ പ്രസ്ഥാനം പ്രചരിപ്പിക്കുന്ന തൗഹീദിന്നെതിര് (മടവൂർ).

സെൻസിംഗ്: ജിന്ന് സഹായിച്ചാൽ ശിർക്കാകും എന്ന് പറയാൻ കാരണം?

സുല്ലമി : ഇത് മുജാഹിദ് പ്രസ്ഥാനം പഠിപ്പിച്ച തൗഹീദിന് എതിരാണ്. ജിന്ന് സഹായിക്കും എന്നാൽ അഭൗതിക, അദൃശ്യ മാർഗത്തിൽ അല്ലാഹു അല്ലാത്തവർ സഹായിക്കും എന്നാണർത്ഥം.

### സിഹ്റ് ഫലിക്കുമെന്ന് സലാം സുല്ലമിയുടെ പിതാവായ എ അലവി മൗലവി (റ) എഴുതുന്നു

ആദ്യകാല മുജാഹിദ് പണ്ഡിതരിൽ പ്രമുഖനും സലാം സുല്ലമിയുടെ പിതാവുമായ എ അലവി മൗലവിയും(റ), മുഹമ്മദ് അമാനി മൗലവിയും(റ), ചേർന്ന് 1960-ൽ രചിക്കുകയും, കെ എം മൗലവി(റ), പരിശോധിക്കുകയും ചെയ്തതാണ് സൂറത്തുൽ ഫലകിന്റെ ഖുർആൻ പരിഭാഷ. ഈ സൂറത്തിന്റെ നാലാം ആയത്ത് വിശദീകരിച്ച് കൊണ്ട് അവർ എഴുതുന്നു.

"സിഹ്റിന് യാഥാർത്ഥ്യമില്ല, ഗുണമായോ ദോഷമായോ ഉള്ള എന്തെങ്കിലും ഫലമുണ്ടാക്കുന്ന തരത്തിൽ ഒരു സിഹ്റുമില്ല. കേവലം, മനുഷ്യരെ പകിട്ടാക്കുന്ന ചില ചെപ്പടി വിദ്യകൾക്ക് മാത്രമുള്ള പേരാണ് സിഹ്റ് എന്നിങ്ങനെ ചില അഭിപ്രായങ്ങൾ മുമ്പും ഇപ്പോഴുമുണ്ട്. മുഅ്തസില: വിഭാഗക്കാരിൽ നിന്നാണ് ഇതിന്റെ ഉൽഭവം."..."ജനങ്ങൾക്കിടയിൽ പിണക്കവും വഴക്കും ഉണ്ടാക്കുക, ചില മനുഷ്യ പിശാചുക്കളിൽ ദിവ്യത്വവും അസാധാരണമായ കഴിവും ഉള്ളതായി തെറ്റിദ്ധരിപ്പിക്കുക മുതലായ പല നാശങ്ങളും അതു കൊണ്ട് ഉണ്ടായിത്തീരുന്നു. ഇന്ദ്രജാലം, ആഭിചാരം, മായവിദ്യ, ജാലം, കൺകെട്ടു, ചെപ്പടി വിദ്യ എന്നൊക്കെ പറയുന്നത് സിഹ്റിന്റെ ഇനങ്ങളിൽ പെട്ടതത്രെ. മനുഷ്യനെ മൃഗമാക്കുക, കല്ലു സ്വർണമാക്കി മാറ്റുക പോലെയുള്ള കഴിവുകൾ സിഹ്റിനുണ്ടെന്ന ധാരണ തികച്ചും മൗഢ്യവും അടിസ്ഥാനമില്ലാത്തതുമാകുന്നു. പക്ഷെ, അതുകൊണ്ട് സിഹ്റിന്റെ എല്ലാ ഇനങ്ങളേയും അവ മൂലം എന്തെങ്കിലും ദോഷം സംഭവിക്കുന്നതിനെയും നിഷേധിക്കുവാൻ സാധ്യമല്ല. നേരെ മറിച്ച് സിഹ്റിന്റെ ഇനത്തിൽപെട്ടതായി അറിയപ്പെടുന്നതിലൊന്നും തന്നെ ഒരു യാതാർത്ഥ്യവുമില്ലെന്ന ധാരണ ശരിയല്ല. ഇതാണു വാസ്തവം."

## സിഹ്ർ ചെയ്യാതിരിക്കാൻ നഖവും മുടിയും കുഴിച്ച് മൂടണമെന്ന് 2006 ലെ ശബാബ്

" 'മുറിക്കപ്പെട്ട നഖവും മുടിയും കുഴിച്ച് മൂടണമെന്ന് പ്രവാചകൻ കൽപിച്ചുവെന്ന്' ബൈഹഖിയുടെ റിപ്പോർട്ട് അനുസരിച്ച് അപ്രകാരം ചെയ്യുന്നത് ഏറെ ഗുണകരം തന്നെയാണ്. ആഭിചാര വൃത്തിക്കാർ അത് ദുരുപയോഗം ചെയ്യുമെന്ന് നബി (സ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്". (കോയക്കുട്ടി ഫാറൂഖി, ശബാബ് 2006 ജൂലൈ 28). സിഹ്ർ യാഥാർത്ഥ്യമാണെന്നും, ആഭിചാരക്കാർ നഖവും മുടിയും ദുരുപയോഗം ചെയ്യുമെന്നും, 2006 ൽ പോലും ശബാബ് മടവൂർ വിഭാഗത്തെ പഠിപ്പിക്കുന്നു.

മടവൂർ വിഭാഗം പണ്ഡിതർ ഇപ്പോഴും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന അമാനി മൗലവിയുടെ ഖുർആൻ പരിഭാഷയിൽ (2:102 ന്റെ വ്യാഖ്യാനത്തിലും, 113:4 ന്റെ വ്യാഖ്യാനത്തിലും) സിഹ്ർ ഫലിക്കുമെന്ന് തന്നെയാണല്ലൊ എഴുതിയിട്ടുള്ളത്. എം.ഐ.തങ്ങൾ ശബാബിൽ (1999 മെയ് 21) എഴുതിയ ലേഖനത്തിലും, സി എം മൗലവി ശബാബിൽ (2001 ഡിസംബർ 14) എഴുതിയ ലേഖനത്തിലും ഇതേ ആശയമാണുള്ളത്.

സിഹ്റിനെ മഹാപാപങ്ങളിൽ രണ്ടാമതായി എണ്ണിയതും, "പലിശ തിന്നുന്നവർ പിശാച് ബാധ നിമിത്തം മറിഞ്ഞ് വീഴുന്നവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കുകയില്ല" എന്ന് ഖുർആൻ (2:275) ഉപമിച്ചതും സിഹ്ർ യാഥാർത്ഥ്യമാണെന്നതിന് തെളിവായി വിലയിരുത്തപ്പെടുന്നു. സലാം സുല്ലമിയുടെ അൽഇസ്‌ലാഹ് മാസികയിൽ (മാർച്ച് 2007, പേജ് 27), "സിഹ്റിൽ പിശാചുക്കൾ നമ്മെ ഉപദ്രവിക്കുന്നത് സാഹിറിന്റെ കൽപനപ്രകാരമാണ്" എന്ന് എഴുതിയതും സിഹ്ർ ഫലിക്കാൻ സാധ്യതയുണ്ട് എന്ന് തന്നെയല്ലെ വ്യക്തമാക്കുന്നത്.

## സിഹ്ർ ഫലിക്കുമെന്ന് വിശ്വസിച്ചാൽ മുശ്രിക്കാകുമെന്ന് സലാം സുല്ലമി

ഭൂരിപക്ഷം ലോക പണ്ഡിതരും അഭിപ്രായപ്പെട്ടിട്ടുള്ളതും മുജാഹിദ് പണ്ഡിതരിൽ മഹാഭൂരിപക്ഷം അഭിപ്രായപ്പെട്ടിട്ടുള്ളതും സിഹ്ർ ബാധിക്കും എന്ന് തന്നെയാണ്. അതേ സമയം, സിഹ്ർ മഹാപാപമാണെന്ന കാര്യത്തിലും സിഹ്ർ ചെയ്താൽ കാഫിറാകുമെന്ന കാര്യത്തിലും എല്ലാ പണ്ഡിതരും യോജിക്കുന്നുമുണ്ട്.

സിഹ്ർ ഫലിക്കില്ല എന്നാണ് ഖുർആനിൽ നിന്നും ഹദീസിൽ നിന്നും മറ്റു പണ്ഡിതരുടെ പുസ്തകങ്ങളിൽ നിന്നും എനിക്ക് ബോധ്യപ്പെട്ടത് എന്ന് മാത്രമാണു സലാം സുല്ലമി വാദിക്കുന്നതെങ്കിൽ, അതിനെ അദ്ദേഹത്തിന്റെ നിരീക്ഷണമായിക്കണ്ട് മാറ്റി നിർത്താവുന്നതാണ്. പക്ഷെ, പഴയ മുജാഹിദ് നേതാക്കൾക്കില്ലാത്ത പുതിയ വാദമാണ് സിഹ്ർ ഫലിക്കുമെന്നത് എന്നും, അമാനുഷികമായ സഹായം സിഹ്റിന്റെ പിന്നിൽ ഉള്ളത് കൊണ്ട് അത് ശിർക്കാകുമെന്നും, സിഹ്ർ ഫലിക്കുമെന്ന് വാദിക്കുന്നവരുടെ വിശ്വാസത്തിൽ ശിർക്ക് വന്നു എന്നുമാണ് സലാം സുല്ലമി വാദിക്കുന്നത്.

സിഹ്ർ ഫലിക്കുമെങ്കിൽ സിഹ്ർ ചെയ്ത് എനിക്ക് ബുദ്ധിമുട്ട് ഉണ്ടാക്കട്ടെ എന്ന് സലാം സുല്ലമി ചിലപ്പോൾ വെല്ലുവിളിക്കാറുണ്ട്. പ്രാർത്ഥിച്ചാൽ ഉത്തരം നൽകാൻ കഴിവില്ലാത്തവനാണ് നിങ്ങളുടെ അല്ലാഹു, കാരണം 60 വർഷത്തിലധികമായി ലോക മുസ്‌ലിങ്ങൾ ഇസ്രാഈലിന്നെതിരെ പ്രാർത്ഥിക്കുന്നു, എന്ന് നിരീശ്വരവാദികൾ ചോദിക്കുന്നത് പോലെയുള്ള ബാലിശമായ ഒരു ചോദ്യം മാത്രമാണിത്.

പഴയ കാല മുജാഹിദ് നേതാക്കളെ മുശ്‌രിക്കാക്കുന്ന സലാം സുല്ലമി

സിഹ്ർ ഫലിക്കും എന്ന് വിശ്വസിക്കുന്ന മടവൂർ വിഭാഗം പണ്ഡിതരിൽ ചിലരുടെ ഉദ്ധരണികൾ മാത്രമാണ് മുകളിൽ കൊടുത്തത്. സിഹ്ർ ഫലിക്കുകയില്ല എന്ന് വാദിക്കുന്ന സലാം സുല്ലമിയടക്കമുള്ള ചുരുക്കം മുജാഹിദ് പണ്ഡിതർ, സിഹ്ർ ഫലിക്കും എന്ന് വിശ്വസിച്ചിരുന്ന മുൻകാല നേതാക്കളെയൊ, സഹപ്രവർത്തകരെയോ ശിർക്കിലേക്ക് പോയവരായി മുദ്ര കുത്തിയിരുന്നില്ല. പരസ്പര ബഹുമാനത്തോടെയുള്ള പണ്ഡിത ചർച്ചകൾ മാത്രമേ ഈ വിഷയത്തിൽ മുമ്പ് അവർ നടത്തിയിരുന്നുള്ളൂ.

മാതൃസംഘടനയിലേക്ക് തിരിച്ച് പോകുന്നവരെ തടഞ്ഞ് നിർത്താനായി സലാം സുല്ലമിയുടെ നേതൃത്വത്തിൽ, മടവൂർ വിഭാഗം 2006 ൽ ആവിഷ്കരിച്ച പുതിയ പ്രതിരോധ തന്ത്രത്തിന്റെ ഭാഗം മാത്രമാണ്, സിഹ്ർ ഫലിക്കുമെന്ന് വിശ്വസിച്ചാൽ തന്നെ വിശ്വാസത്തിൽ ശിർക്ക് വന്നു എന്ന പുതിയ ആരോപണം.

കെ എൻ എമ്മിലെ ചില യുവ പണ്ഡിതരെ മുശ്‌രിക്കാക്കുക എന്ന ലക്ഷ്യത്തോടെ, സലാം സുല്ലമി കൊണ്ട് വന്ന അനിസ്‌ലാമികമായ ഈ പുതിയ ആശയങ്ങൾ, സിഹ്റ് ഫലിക്കുമെന്ന് വിശ്വസിച്ചിരുന്ന അദ്ദേഹത്തിന്റെ പിതാവിനെയും അമാനി മൗലവിയെയും, കെ.എം.മൗലവിയെയും ജീവിച്ചിരിക്കുന്നവരും മരിച്ച് പോയവരുമായ മുജാഹിദ് നേതാക്കളെയുമല്ലെ മുശ്‌രിക്കാക്കുന്നത്. ? (നഊദു ബില്ലാഹ് )

## 4. നബി(സ)ക്ക് സിഹ്റ് ബാധിച്ചിരുന്നു എന്ന് വിശ്വസിച്ചാൽ മുശ്‌രിക്കാകും.

നബി(സ)ക്ക് സിഹ്റ് ബാധിച്ചിരുന്നു എന്ന് വിശ്വസിച്ചാൽ മുശ്‌രിക്കാകും എന്നാണ് സലാം സുല്ലമിയുടെ മറ്റൊരു വാദം. ആർക്കെങ്കിലും സിഹ്റ് ഫലിക്കുമെന്ന് വിശ്വസിച്ചാൽ മുശ്‌രിക്കാകുമെന്ന അദ്ദേഹത്തിന്റെ വാദത്തിന്റെ തുടർച്ച തന്നെയാണ് ഈ വാദവും. കൂടാതെ, നബി(സ) സിഹ്റ് ബാധിച്ച ഒരു വ്യക്തിയായിരുന്നു, അത് കൊണ്ടാണ് അദേഹം തനിക്ക് വഹ്‌യ് ലഭിക്കുന്നതായി അവകാശപ്പെട്ടത് എന്ന വിമർശകരുടെ വാദം അംഗീകരിക്കുന്നതിന് തുല്യമാണ്, നബി(സ)ക്ക് സിഹ്ർ ബാധിച്ചിരുന്നു എന്ന വാദം, എന്ന് കൂടി സലാം സുല്ലമി എഴുതുന്നു.

മാത്രമല്ല, ഇത് ക്വുർആനിന്നെതിരാവും എന്ന് കൂടി അദ്ദേഹം വാദിക്കുന്നു. ഈ വിഷയത്തിലും ഭൂരിപക്ഷം ലോക പണ്ഡിതരും അഭിപ്രായപ്പെട്ടിട്ടുള്ളതും മുജാഹിദ് പണ്ഡിതരിൽ ഭൂരിപക്ഷം അഭിപ്രായപ്പെട്ടിട്ടുള്ളതും നബി (സ)ക്ക് സിഹ്റ് ബാധിച്ചിട്ടുണ്ട് എന്ന് സൂചിപ്പിക്കുന്ന ഹദീസ് വിശ്വസനീയമാണ് എന്ന് തന്നെയാണ്.

നബി(സ)ക്ക് സിഹ്റ് ബാധിച്ചിരുന്നു എന്ന് ശബാബ്

ശബാബിന്റെ ഔദ്യോഗിക അഭിപ്രായമായി പരിഗണിക്കാവുന്ന ചോദ്യോത്തര പംക്തിയിൽ (മുസ്‌ലിമിൽ) ഇതു സംബന്ധമായി വന്ന മറുപടികൾ നബി(സ)ക്ക് സിഹ്റ് ബാധിച്ചിരുന്നു എന്ന് വ്യക്തമാക്കുന്നതാണ്. താഴെ കൊടുത്ത ഉദ്ധരണികൾ ശ്രദ്ധിക്കുക.

“നബി(സ)ക്ക് എതിരിൽ ഒരു കപടൻ മാരണം ചെയ്തതിനാൽ തിരുമേനിക്ക് യാഥാർത്ഥ്യ വിരുദ്ധമായ ചില തോന്നലുകൾ ഉണ്ടായെന്ന് സ്വഹീഹുൽ ബുഖാരിയിൽ (ഹദീസ് നമ്പർ 5763, 5766) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന് വേദന അനുഭവപ്പെട്ടു എന്നും ആ റിപ്പോർട്ടിൽ സൂചനയുണ്ട്. (ശബാബ് 2004 മെയ് 28)

സ്വഹീഹുൽ ബുഖാരിയിലെ ഈ ഹദീസിനെതിരെയുള്ള പ്രസംഗം കേട്ട ഒരാൾ, ഈ കാര്യം വീണ്ടും എഴുതി ചോദിക്കുകയും അതിനു ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി വിശദമായി മറുപടി പറയുന്നതും കാണുക.

ചോദ്യം: പ്രവാചകനു സിഹ്റ് ബാധിച്ചതായിയുള്ള ഹദീസ് ബുഖാരിയിൽ കാണാൻ കഴിഞ്ഞു. എന്നാൽ ഇത് തെറ്റാണെന്ന് വ്യാഖ്യാനിക്കുന്ന ചില പ്രസംഗങ്ങളും കേൾക്കാൻ ഇടയായി. ഇതിന്റെ വസ്തുത എന്താണ്. വിശദീകരിക്കാമോ?. സൂറ: ഇഖ്‌ലാസ്, ഫലഖ്, നാസ് എന്നിവയുടെ അവതരണത്തിന് ഈ സംഭവവുമായി ബന്ധമുണ്ടോ?.

ഉത്തരം: സിഹ്റിനെ സംബന്ധിച്ച് ഹദീസിൽ മാത്രമല്ല, വിശുദ്ധ ക്വുർആനിലും പരാമർശമുണ്ട്. 20:66 സൂക്തത്തിൽ ഇപ്രകാരം കാണാം “അപ്പോഴതാ അവരുടെ സിഹ്റ് നിമിത്തം അവരുടെ വടികളും കയറുകളുമെല്ലാം ഓടുകയാണെന്ന് അദ്ദേഹത്തിന് (മൂസാ നബി(അ)ക്ക്) തോന്നുന്നു..... ഈ സിഹ്റ് അഥവാ ജാലവിദ്യ സാർവത്രികമായത് കൊണ്ട് അത് ഒരു പ്രവാചകന്റെ കണ്ണിനെ ബാധിക്കുമോ എന്ന സംശയം അധികമാരും ഉന്നയിക്കാറില്ല.

2:102 സൂക്തത്തിൽ ഇപ്രകാരം കാണാം. അങ്ങിനെ അവരിൽ നിന്ന് (ഹാറൂത്തിൽ നിന്നും മാറൂത്തിൽ നിന്നും) ഭാര്യാഭർത്താക്കന്മാർക്കിടയിൽ ഭിന്നതയുണ്ടാക്കാനുള്ള തന്ത്രങ്ങൾ ജനങ്ങൾ

പഠിച്ച് കൊണ്ടിരുന്നു. എന്നാൽ അല്ലാഹുവിന്റെ അനുമതി കൂടാതെ അതുകൊണ്ട് യാതൊരാൾക്കും ഒരു ദ്രോഹവും ചെയ്യാൻ അവർക്ക് കഴിയില്ല.."

**(**തുടർന്ന് അദ്ദേഹം ഈ ആയത്തിനെ വിശദീകരിക്കുന്നു. ശേഷം നബി (സ) സിഹ്റ് ബാധിച്ച വ്യക്തിയായിരുന്നു എന്ന വിമർശകരുടെ ആരോപണം ക്വുർആൻ ചൂണ്ടിക്കാണിച്ച കാര്യം എഴുതുന്നു. ശേഷം അദ്ദേഹം തുടരുന്നു.)

"ബുഖാരിയിലെ ഹദീസ് ശരിയാണെങ്കിൽ വിമർശകരുടെ ആരോപണം ന്യായമാണെന്ന് വരുമെന്നാണു ചിലർ പറയുന്നത്. എന്നാൽ മൂസാ നബി(അ) സിഹ്ർ ബാധിതനാണെന്ന് ഫിർഔൻ ആരോപിച്ച കാര്യം എടുത്തു പറഞ്ഞ ക്വുർആനിൽ (7:101) തന്നെ മൂസാ നബി(അ)ക്ക് ജാലവിദ്യക്കാരുടെ സിഹ്ർ നിമിത്തം മിഥ്യാദർശനമുണ്ടായ കാര്യവും സുവ്യക്തമാക്കിയിട്ടുണ്ട്. ഒരു പ്രവാചകൻ പ്രബോധനം ചെയ്യുന്ന മുഴുവൻ ആശയാദർശങ്ങളും ആരുടെയോ സിഹ്ർ ബാധിച്ചതിന്റെ ഫലമായി ഉണ്ടായ മനോവൈകല്യത്തിന്റെ ഫലമാണെന്ന് പറയുന്നതും പ്രവാചകന് ജീവിതത്തിൽ എപ്പോഴോ ഒരിക്കൽ സിഹ്ർ ബാധ നിമിത്തം മിഥ്യാദർശനമോ അയഥാർത്ഥമായ തോന്നലോ ഉണ്ടായി എന്നും പറയുന്നതും തമ്മിൽ അന്തരമുണ്ട്. കൂടുതൽ സൂക്ഷ്മ ജ്ഞാനം അല്ലാഹുവിന്നാണുള്ളത്.

നബി(സ)യിൽ നിന്ന് വിശ്വസ്തരായ റിപ്പോർട്ടർമാരുടെ പരമ്പരയിലൂടെ ഉദ്ധരിക്കപ്പെട്ട ഹദീസിൽ തെറ്റ് സംഭവിക്കാൻ വളരെ വിദൂരമായ സാധ്യത മാത്രമേയുള്ളൂ. സിഹ്ർ സംബന്ധിച്ച ഹദീസിന്റെ നിവേദക പരമ്പരയിൽ ആക്ഷേപിക്കപ്പെട്ട വ്യക്തികൾ ആരെങ്കിലും ഉള്ളതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. ഒരു ഹദീസ് വിശ്വസ്തർ മുഖേനയാണു ഉദ്ധരിക്കപ്പെട്ടതെങ്കിൽ അതിന്റെ ഉള്ളടക്കം നമുക്ക് വ്യക്തമായി ബോധ്യപ്പെടാത്തതിന്റെ പേരിൽ അതിനെ തള്ളിപ്പറയുന്നത് നമുക്ക് ദോഷകരമാവാൻ സാധ്യതയുണ്ട്. നബി(സ) യഥാർത്ഥത്തിൽ പറഞ്ഞതോ ചെയ്തതോ അവിടുത്തെ ജീവിതത്തിൽ സംഭവിച്ചതോ ആയ ഒരു കാര്യത്തെ നാം തള്ളിപ്പറയാൻ ഇടയാകുന്നത് ഗൗരവമുള്ള വിഷയമാണല്ലോ" (ശബാബ് 2005 ജനുവരി 21).

## സലാം സുല്ലമിയുടെ എല്ലാ പുതിയ വാദങ്ങൾക്കും 2005 ലെ ശബാബ് മറുപടി പറഞ്ഞിരിക്കുന്നു

സലാം സുല്ലമിയുടെ എല്ലാ വാദങ്ങൾക്കും കൂടുതൽ വിശദീകരണം ആവശ്യമില്ലാത്ത വിധം വ്യക്തമായ മറുപടി 'മുസ്‌ലിം' നൽകിയിരിക്കുകയാണ്. സലാം സുല്ലമി ചെയ്യുന്നത് പോലെ, ബുഖാരിയിലെ ഹദീസുകളെ വാറോല എന്ന് പറഞ്ഞ് തള്ളിക്കളയുന്നത് ദോഷകരമാകാൻ സാധ്യതയുണ്ടെന്നും, അത് ഗൗരവമുള്ള വിഷയമാണ് എന്നുമാണ് ശബാബിന്റെ ഔദ്യോഗിക അഭിപ്രായം.

ജീവിതത്തിൽ എപ്പോഴോ ഒരിക്കൽ മിഥ്യാദർശനം ഉണ്ടായി എന്ന് പറയുന്നതും, പ്രബോധനം ചെയ്യുന്ന മുഴുവൻ ആശയാദർശങ്ങളും സിഹ്ർ ബാധിച്ചതിന്റെ ഫലമാണെന്ന് പറയുന്നതും ഒരുപോലെയല്ല എന്നും അബ്ദുൽ ഹമീദ് മദനി സമർത്ഥിക്കുന്നു.

## സലാം സുല്ലമിയുടെ ശിർക്ക് ആരോപണം ദുരുദ്ദേശപരം

നബി(സ)ക്ക് സിഹ്ർ ബാധിച്ചിട്ടുണ്ട് എന്ന് വിശ്വസിക്കുന്ന ധാരാളം പണ്ഡിതർ മടവൂർ വിഭാഗത്തിലുണ്ട്. സലാം സുല്ലമി ഇതിനെ ഒരു കെ എൻ എം, മടവൂർ പ്രശ്നമാക്കി അവതരിപ്പിക്കുന്നതും കെ എൻ എമ്മിലെ മുഴുവൻ പണ്ഡിതരെയും മുശ്‌രിക്കാക്കാൻ ശ്രമിക്കുന്നതും അദ്ദേഹത്തെപ്പോലെയുള്ള ഒരു പണ്ഡിതന് ചേർന്നതാണോ എന്ന് ആലോചിക്കുക.

സ്വന്തം പിതാവ് ഉൾപ്പെടെയുള്ള മുൻകാല മുജാഹിദ് നേതാക്കളെ മുശ്‌രിക്കാക്കുന്ന, ഗുരുതരമായ വ്യാജ ആരോപണങ്ങൾ തിരുത്താനുള്ള തൗഫീഖ് ജനാബ് അബ്ദുസ്സലാം സുല്ലമിക്ക് അല്ലാഹു പ്രദാനം ചെയ്യട്ടെ (ആമീൻ) എന്ന് നമുക്ക് പ്രാർത്ഥിക്കാം.

(തുടരും)

*നാസർ പാലക്കാട്*